ഇപ്രകാരം ഇടുക്കി ജില്ലയിൽ ഈ സർക്കാർ അനുവദിച്ച തുക വാർഷികാടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു :

വർഷം	തുക (രൂപയിൽ)
2006-07	6,36,81,669
2007-08	13,22,95,444
2008-09	4,54,08,720
2009-10	3,60,12,000
2010-11	7,43,56,970

ഭൂമി കേരളം പദ്ധതി

128 (2148) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമികേരളം പദ്ധതിക്കുവേണ്ടി ഇതുവരെ എത്ര ജീവനക്കാരുടെ എത്ര ദിവസത്തെ സേവനം ഉപയോഗിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ അനുപാതത്തിൽ, പൂർത്തിയായ വർക്കിന്റെയും തൊഴിൽ ദിനങ്ങളുടെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സർവ്വെ നടപടി പൂർത്തിയാകുവാൻ എത്ര വർഷം വേണ്ടിവരും എന്ന് കണക്കാക്കാനാവുമോ ?

ഉത്തരം

(എ) ഭൂമി കേരളം പദ്ധതിയിൽ 421 സർവ്വെയർമാരെയും 47 ഡ്രാഫ്റ്റ്സ്മാൻമാരെയും ആണ് നിയമിച്ചിട്ടുള്ളത്. ഭൂമികേരളം പദ്ധതി ആരംഭിച്ചതിന് ശേഷം ലീവ് പൊതു അവധി ഇവ ഒഴിവാക്കിയാൽ ഏകദേശം 638 ദിവസത്തെ സേവനമാണ് ലഭിച്ചിട്ടുള്ളത്.

(ബി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സർവ്വെയിലുള്ള ജീവനക്കാരുടെ പരിചയക്കുറവ് കാരണം ഭൂമികേരളം പദ്ധതിയിലൂടെയുള്ള സർവ്വെ ജോലികൾക്ക് ഉദ്ദേശിച്ച രീതിയിൽ പുരോഗതി ലഭിച്ചിട്ടില്ല. കൂടാതെ ഈ പദ്ധതിയിൽ നിയോഗിച്ചിട്ടുള്ള 80 ശതമാനത്തോളം ജീവനക്കാരെയും വനാവകാശ സർവ്വെ, ചെങ്ങറ സർവ്വെ, കണ്ണൻ ദേവൻഹിൽ വില്ലേജിന്റെ പരിശോധന തുടങ്ങിയ സ്പെഷ്യൽ ജോലികൾക്ക് നിയോഗിച്ചതും റീസർവ്വേ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. ആയതിനാൽ ഭൂമികേരളം മുഖേന ഒരു സമയം അഞ്ചോ ആറോ വില്ലേജിൽ കൂടുതൽ റീസർവ്വേക്ക് എടുക്കാൻ കഴിയുന്നില്ല. പുതിയ സാങ്കേതികവിദ്യയിൽ ജീവനക്കാർ വൈദഗ്ദ്ധ്യം നേടുന്നമുറയ്ക്ക് സർവ്വെ നടപടികളിൽ പുരോഗതി കൈവരിക്കാനും റീ-സർവ്വേ സമയ ബന്ധിതമായി പൂർത്തിയാക്കാനുമാകും.

LIBRARY ARCHIVES Kerala Legislative Assembly